3112
13/2117

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - സംസ്ഥാനത്തെ തുറമുഖ വകുപ്പിന്റെ കീഴിലുള്ള തുറമുഖങ്ങളിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത് സംബന്ധിച്ച കരട് നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്

സ.ഉ. (കൈ) നം.2/2017/മ.തു.വ. തീയതി, തിരുവനന്തപുരം, 09/02/2017.

---

പരാമർശം:- 1) 18.03.2010 ലെ ജി.ഒ (എം.എസ്) 17/2010/മതുവ നമ്പർ ഉത്തരവ്
2) 13.04.2012 ലെ ജി.ഒ (എം.എസ്) 29/2012/മതുവ നമ്പർ ഉത്തരവ്
3) 16.08.2013 ലെ ജി.ഒ (എം.എസ്) 54/2013/മതുവ നമ്പർ ഉത്തരവ്
4) ബഹു.കേരള ഹൈക്കോടതി WP(C) 2863, 11203/15... ..., 21545/2016 തുടങ്ങിയ പെറ്റീഷനുകളിൽ 16/06/2016 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്.
5) സ.ഉ.(എം.എസ്) നം.26/2016/മ.തു.വ തീയതി 17/08/2016
6) സ.ഉ.(എം.എസ്) നം.29/2016/മ.തു.വ തീയതി 08/09/2016
7) സ.ഉ.(എം.എസ്) നം.34/2016/മ.തു.വ തീയതി 23/12/2016

## ഉത്തരവ്

സംസ്ഥാനത്തെ തുറമുഖങ്ങളിൽ കപ്പലുകളുടെയും മത്സ്യബന്ധന യാനങ്ങൾ ഉൾപ്പെടെയുള്ള യാനങ്ങളുടെയും സുഗമമായ സഞ്ചാരത്തിന് ചാനലിലേയും ബേസിനിലേയും ആഴം നിലനിർത്തുന്നതിന് മാന്വൽ ഡ്രഡ്ജിംഗ് സംവിധാനമാണ് സ്വീകരിച്ചുവരുന്നത്.

2) സംസ്ഥാനത്ത് ഇപ്രകാരം മാന്വൽ ഡ്രഡ്ജിംഗ് നടക്കുന്ന കാസർഗോഡ്, മഞ്ചേശ്വരം, നീലേശ്വരം, അഴീക്കൽ, തലശ്ശേരി, വടകര, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ 9 തുറമുഖങ്ങളിൽ ഓപ്പൺ ടെണ്ടർ മുഖാന്തരം തെരഞ്ഞെടുക്കപ്പെടുന്ന സഹകരണ സംഘങ്ങളാണ് 2010 മുതൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തിവരുന്നത്. സഹകരണ സംഘങ്ങൾ മുഖേനയുള്ള ഡ്രഡ്ജിംഗ് വലിയ അഴിമതിക്ക് ഇട നൽകുന്നതായി സർക്കാരിന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ഒരു പരീക്ഷണമെന്ന നിലയിൽ പൊന്നാനി തുറമുഖത്ത് മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് സൊസൈറ്റികൾക്കു പകരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം 5 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവു പ്രകാരം നിലവിൽ മാന്വൽ ഡ്രഡ്ജിംഗിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മുൻകാലങ്ങളിൽ ഈ പ്രക്രിയയിൽ ഏർപ്പെട്ടിരുന്നവർക്കും മുൻഗണന നൽകി മണൽ വാരൽ തൊഴിലാളികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തൊഴിലാളികളായി രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ടി ഉത്തരവിൽ ഭേദഗതി വരുത്തി മാന്വൽ ഡ്രഡ്ജിംഗ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പോർട്ട് ഓഫീസർ, സ്ഥലം എം.എൽ.എ. സി.ഡബ്ല്യു.ആർ.ഡി.എം. പ്രതിനിധി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സൺ എന്നിവരെ ഉൾപ്പെടുത്തി ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ടും പൊന്നാനി തുറമുഖത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വാരുന്ന മണലിന്റെ വിലയും, തൊഴിലാളികളുടെ കൂലിയും തുറമുഖ വകുപ്പിന് ലഭിക്കേണ്ട ലാഭവിഹിതവും നിശ്ചയിച്ചുകൊണ്ടും യഥാക്രമം പരാമർശം 6, 7 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി സംവിധാനം ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

3) സൊസൈറ്റികൾ വഴിയുള്ള മണൽ ഖനനവും, വിതരണവും വലിയ അഴിമതിക്ക് ഇട നൽകുന്നുണ്ട് എന്ന വസ്തുത കണക്കിലെടുത്തും, പരമ്പരാഗത തൊഴിലാളികളെ വച്ച് സംഘങ്ങൾ മണൽ ഖനനവും വിപണനവും ഒരു ബിസിനസായി നടത്തുകയാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലും, മണൽ

ശരിയായ രീതിയിൽ ശുദ്ധീകരിക്കാതെയാണ് പല സംഘങ്ങളും വിൽപ്പന നടത്തുന്നത് എന്നത് പ്രസ്തുത മണൽ ഉപയോഗിച്ച് പണിയുന്ന കെട്ടിടങ്ങളുടെ സ്ഥിരതയെ ബാധിക്കുന്നുണ്ട് എന്ന വസ്തുത കണക്കിലെടുത്തും, തുറമുഖങ്ങളിലെ മണൽ വാരലുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുള്ള സാഹചര്യത്തിലും, ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി വിവിധ റിട്ട് ഹർജികൾ തീർപ്പാക്കിക്കൊണ്ട് 2016 ജൂണിൽ പുറപ്പെടുവിച്ച പരാമർശം (4) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച് പൊന്നാനിയിലേത് ഒരു മാതൃകയാക്കിയെടുത്ത് തദ്ദേശ സ്വയംഭരണ സംവിധാനത്തെ ഉൾപ്പെടുത്തി മണൽ ഖനനം നടത്തി (Public-private partnership) PPP വഴി തെരഞ്ഞെടുത്ത ഏജൻസിയെ ഉപയോഗിച്ച് മണൽ ശുദ്ധീകരിച്ച് തുറമുഖ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് മണൽ വിൽപ്പന നടത്തുന്ന സംവിധാനം തുറമുഖ വകുപ്പിന്റെ കീഴിലുള്ള എല്ലാ തുറമുഖങ്ങളിലും നടപ്പിലാക്കാനും, അതനുസരിച്ച് മാന്വൽ ഡ്രഡ്ജിംഗ് നയം രൂപീകരിക്കാനും സർക്കാർ തീരുമാനിച്ചു.

4) ഹൈക്കോടതിയുടെ 2016 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട സൊസൈറ്റികളുടെ പ്രതിനിധികളെ നേരിൽ കേൾക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം തേടുകയും തുടർന്ന് ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കുയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാന്വൽ ഡ്രഡ്ജിംഗ് നയത്തിന്റെ കരട് തുറമുഖ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

5) തുറമുഖ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച കരട് മാന്വൽ ഡ്രഡ്ജിംഗ് നയം അംഗീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ കീഴിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്ന മുഴുവൻ തുറമുഖങ്ങൾക്കും ബാധകമായ മാന്വൽ ഡ്രഡ്ജിംഗ് നയത്തിന്റെ കരട് ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ളത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, തുറമുഖ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച കരട് നയം

# ഉള്ളടക്കം


| | |
|---|---|
| 1 | ആമുഖം |
| 2 | മാന്വൽ ഡ്രഡ്ജിംഗ് നടക്കുന്ന തുറമുഖങ്ങൾ |
| 3 | ലക്ഷ്യങ്ങൾ |
| 3.1 | തുറമുഖവകുപ്പിന് സാമ്പത്തിക ബാദ്ധ്യതവരാത്ത രീതിയിൽ തുറമുഖങ്ങളിലെ ആഴം നിലനിർത്തൽ |
| 3.2 | മണൽവാരി ഉപജീവനം നയിക്കുന്നവർക്ക് തൊഴിൽ നൽകൽ |
| 3.3 | നിർമ്മാണപ്രവർത്തനങ്ങൾക്ക് മണൽ ലഭ്യമാക്കൽ |
| 3.4 | നിയമപരമല്ലാത്ത മണൽ വാരൽ തടയൽ |
| 4 | പ്രാവർത്തികമാക്കുന്ന രീതി |
| 4.1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം |
| 4.2 | ഡ്രഡ്ജ് ചെയ്ത് മാറ്റുന്ന പദാർത്ഥങ്ങളുടെ വില നിശ്ചയിക്കൽ |
| 4.3 | ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് ഡ്രഡ്ജ് ചെയ്ത പദാർത്ഥം ലഭ്യമാക്കൽ |
| 4.4 | ജിയോളജി പാസ് |
| 4.5 | ആവശ്യമെങ്കിൽ ഡ്രഡ്ജ് ചെയ്ത പദാർത്ഥങ്ങൾ കഴുകി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ |
| 5 | ഓഫീസ് സംവിധാനം |
| 5.1 | ഓൺലൈൻ ബുക്കിംഗുകൾ പരിശോധിക്കുന്നതിന് ഡയറക്ടറേറ്റിൽ സംവിധാനം |
| 5.2 | ബുക്കിംഗുകൾ അംഗീകരിക്കുന്നതിന് പോർട്ടോഫീസുകളിലെ സംവിധാനം |
| 5.3 | കടവുകളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് പരിശോധന നടത്തൽ |
| 6. | പരിസ്ഥിതി സംരക്ഷണം |
| 7 | സ്വകാര്യപങ്കാളിത്തം |
| 7.1 | ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണലിലെ ചെളിയും ഉപ്പുരസവും മാറ്റി പുഴമണലിന് സമാനമായ രീതിയിലുള്ള മണൽ ലഭ്യമാക്കുന്നതിന് പ്ലാന്റുകൾ സ്ഥാപിക്കൽ |
| 7.2 | ശുദ്ധീകരണപ്ലാന്റുകൾ റവന്യൂ ഷെയറിംഗ് അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കൽ |
| 8 | നിയന്ത്രണവും മേൽനോട്ടവും |
| 9 | ശിക്ഷണനടപടികൾ |

## 1. ആമുഖം

590 കിലോമീറ്റർ നീളമുള്ള കേരളതീരത്ത് 17 നോൺ മേജർ തുറമുഖങ്ങളാണുള്ളത്. ഇതിൽ വിഴിഞ്ഞം, തങ്കശ്ശേരി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ചരക്ക് - യാത്രാ കപ്പലുകൾ വരുന്നുണ്ട്. കൊടുങ്ങല്ലൂർ തുറമുഖം സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് വികസിപ്പിച്ചു വരുന്നു. പൊന്നാനി തുറമുഖം മലബാർ പോർട്ട്സ് എന്ന കമ്പനി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നു. ഇത് കൂടാതെയുള്ള മഞ്ചേശ്വരം, നീലേശ്വരം, കാസർഗോഡ് , കണ്ണൂർ ,തലശ്ശേരി, വടകര, കായംകുളം, നീണ്ടകര, വലിയതുറ എന്നിവയുടെ പരിധിയിൽ മത്സ്യബന്ധന തുറമുഖങ്ങളാണുള്ളത്. തുറമുഖങ്ങളിൽ കപ്പലുകളുടേയും മത്സ്യബന്ധന യാനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് യാനങ്ങളുടേയും സുഗമമായ പോക്കുവരവിന് ചാനലിലേയും ബേസിനിലേയും ആഴം നിലനിർത്തേണ്ടത് അത്യാവശ്യമാണ് . ഇതിനായി മണ്ണ് മാന്തികപ്പൽ ഉപയോഗിച്ചുള്ള ഡ്രഡ്ജിംഗും മാന്വൽ ഡ്രഡ്ജിംഗുമാണ് നടത്തിവരുന്നത് മണ്ണുമാന്തി കപ്പൽ ഉപയോഗിക്കുമ്പോൾ ഒരു ടൺ പദാർത്ഥം എടുത്തുമാറ്റുന്നതിന് ഏകദേശം 200 രൂപയോളം ചെലവുവരും. എന്നാൽ മാന്വൽ ഡ്രഡ്ജിംഗ് വഴി പദാർത്ഥങ്ങൾ എടുത്ത് മാറ്റുമ്പോൾ തുറമുഖവകുപ്പിന് ചെലവില്ലെന്ന് മാത്രമല്ല, ടെൻഡറിൽ കൂടി ലഭിക്കുന്ന നിശ്ചിത തുക വരുമാനവും ലഭിക്കുന്നു.

## 2. മാന്വൽ ഡ്രഡ്ജിംഗ് നടക്കുന്ന തുറമുഖങ്ങൾ

കാസർഗോഡ്
മഞ്ചേശ്വരം
നീലേശ്വരം
അഴീക്കൽ ( കണ്ണൂർ )
തലശ്ശേരി
വടകര
ബേപ്പൂർ
പൊന്നാനി
കൊടുങ്ങല്ലൂർ

## 3. ലക്ഷ്യങ്ങൾ

### 3.1 തുറമുഖ വകുപ്പിന് സാമ്പത്തിക ബാദ്ധ്യതവരാത്ത രീതിയിൽ തുറമുഖങ്ങളിലെ ആഴം നിലനിർത്തൽ

മാന്വൽ ഡ്രഡ്ജിംഗ് വഴി എടുത്ത് മാറ്റുന്ന ഓരോ ടൺ പദാർത്ഥത്തിനും തുറമുഖവകുപ്പിന് നിശ്ചിതതുക ലഭിക്കുന്നു. കൂടാതെ ജെട്ടി ലൈസൻസ് ഫീസ്, ഹാർബർ ക്രാഫ്റ്റ് രജിസ്ട്രേഷൻ ഫീസ്, വാഹനപാസിന്റെ വില, വിൽപ്പന നികുതി, ജിയോളജി റോയൽറ്റി എന്നിവയും സർക്കാരിന് ലഭിക്കുന്ന വരുമാനമാണ് .

### 3.2 മണൽവാരി ഉപജീവനം നയിക്കുന്നവർക്ക് തൊഴിൽ നൽകൽ

തുറമുഖ പരിധിയിലും പുഴകളിലും മണൽ വാരി ഉപജീവനം നടത്തിയിരുന്നവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ മാന്വൽ ഡ്രഡ്ജിംഗ് യൂണിറ്റുകളിൽ അംഗത്വവും ജോലിയും ഇതുവഴി ലഭിക്കുന്നു.

### 3 .3 നിർമ്മാണപ്രവർത്തനങ്ങൾക്ക് മണൽ ലഭ്യമാക്കൽ

നിർമ്മാണ പ്രവർത്തനങ്ങൾക്ക് വളരെ അത്യാവശ്യമാണ് മണൽ. ബഹു.ദേശീയ ഹരിത ട്രിബ്യൂണലിന്റേയും മറ്റ് പരിസ്ഥിതി സംഘടനകളുടേയും നിയന്ത്രണങ്ങൾ വന്നതോടെ പുഴ

മണലിന്റെ ലഭ്യത കുറഞ്ഞു. തുറമുഖ പരിധിക്കുള്ളിൽ നിന്നും ഡ്രഡ്ജ് ചെയ്ത് മാറ്റുന്ന പദാർത്ഥങ്ങളിലുള്ള മണൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനുള്ള സാദ്ധ്യത ഈ സാഹചര്യത്തിലാണ് പരിശോധിച്ചത്. ചില പ്രവർത്തനങ്ങൾക്ക് ഈ പദാർത്ഥം നേരിട്ടും മറ്റു ചിലതിന് ചെളി , അന്യവസ്തുക്കൾ എന്നിവ മാറ്റിയും ഇരുമ്പ് കമ്പികളുപയോഗിച്ചുള്ള കോൺക്രീറ്റുകൾക്ക് ശുദ്ധ ജലത്തിൽ കഴുകിയും നിർമ്മാണമേഖലയിൽ ഡ്രഡ്ജ് ചെയ്ത പദാർത്ഥങ്ങൾ ഉപയോഗിക്കുന്നു.

### 3.4 നിയമപരമല്ലാത്ത മണൽ വാരൽ തടയൽ

തുറമുഖപരിധിയിലെ മാനുവൽ ഡ്രഡ്ജിംഗ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതുവഴി പരമ്പരാഗതമായി മണൽ വാരുന്ന തൊഴിലാളികൾക്ക് തൊഴിൽ നില നിർത്തുന്നതിനും അനധികൃത മണൽ വാരൽ നിയന്ത്രിക്കുന്നതിന് സാധിക്കുന്നു. നിയമാനുസൃതം വാരുന്ന മണലിന് വിലയും മാർക്കറ്റും ലഭ്യമാക്കുന്നതിന് അനധികൃത മണൽ വാരുന്നതും വിപണനവും തടയേണ്ടത് അത്യാവശ്യമാണ്.

## 4. പ്രാവർത്തികമാക്കുന്ന രീതി

### 4.1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരം

തുറമുഖങ്ങളിലെ മാനുവൽ ഡ്രഡ്ജിംഗ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സുതാര്യ മാർഗ്ഗങ്ങളിലൂടെ തദ്ദേശീയരായ മണൽ തൊഴിലാളികളെ ഉപയോഗിച്ച് മാനുവൽ ഡ്രഡ്ജിംഗ് നടത്തി തുറമുഖവകുപ്പിന്റെ വിഹിതം നൽകുന്നതായിരിക്കും.

### 4.2 ഡ്രഡ്ജ് ചെയ്ത് മാറ്റുന്ന പദാർത്ഥങ്ങളുടെ വില നിശ്ചയിക്കൽ

ഓരോ വർഷത്തേയും മാനുവൽ ഡ്രഡ്ജിംഗിന് നിരക്ക് തുറമുഖ വകുപ്പ് വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ നിശ്ചയിക്കുന്നതു, തദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ ഉത്തരവുകളും കോടതി നിർദ്ദേശങ്ങളും അനുസരിച്ച് മേൽ നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ പ്രദേശത്തേയും വിൽപ്പനവില നിശ്ചയിക്കുമ്പോൾ മാർക്കറ്റ് വില, നിലവിലെ വില എന്നിവയും പരിഗണിക്കേണ്ടതാണ്

### 4.3 ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് ഡ്രഡ്ജ് ചെയ്ത പദാർത്ഥം ലഭ്യമാക്കൽ

തുറമുഖ വകുപ്പിന്റെ വെബ് സൈറ്റിലൂടെ ഉപഭോക്താക്കൾക്ക് ഡ്രഡ്ജ് ചെയ്ത പദാർത്ഥം ഓൺലൈൻ ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ഇത്തരത്തിൽ ബുക്ക് ചെയ്യുന്ന അപേക്ഷ പരിശോധിച്ച് അനുമതി നൽകി പദാർത്ഥങ്ങളുടെ വില അംഗീകൃത ബാങ്കിൽ ഒടുക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് ഡ്രഡ്ജ് ചെയ്ത പദാർത്ഥം ആവശ്യാർത്ഥം കൊണ്ടുപോകുന്നതിനുള്ള പാസ് ലഭിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന പാസിൽ വാഹന നമ്പർ, വാഹനം പുറപ്പെടുന്ന സമയം, ഏകദേശം എത്തിച്ചേരുന്ന സമയം എന്നിവ ചേർത്ത് കടവിൽ നിന്നും പ്രിന്റ് ചെയ്ത് എടുക്കാവുന്നതാണ്

### 4.4 ജിയോളജി പാസ്

ഡ്രഡ്ജ് ചെയ്ത പദാർത്ഥങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ജിയോളജി വകുപ്പ് അനുശാസിക്കുന്ന ഫീസ് ഒടുക്കി നിയമവിധേയമായ പാസുകൾ ലഭ്യമാക്കേണ്ടതാണ്.

### 4.5 ആവശ്യമെങ്കിൽ ഡ്രഡ്ജ് ചെയ്ത പദാർത്ഥങ്ങൾ ശുദ്ധീകരിച്ച് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ

എല്ലാ നിർമ്മാണപ്രവർത്തനങ്ങൾക്കും ഡ്രഡ്ജ് ചെയ്തെടുക്കുന്ന പദാർത്ഥം ഉപയോഗിക്കുന്നത് ഗുണകരമല്ലാത്തതിനാൽ കക്ക, ചെളി എന്നിവ കഴുകി മാറ്റി ശുദ്ധമായ മണൽ ആവശ്യക്കാർക്ക് നൽകുന്ന സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ നൽകുന്ന സേവനത്തിന് ഓരോ തുറമുഖത്തും കഴുകലിനായി നിശ്ചയിച്ച അധിക ചാർജ്ജ് നൽകേണ്ടതായിവരും. ശുദ്ധീകരണത്തിനുശേഷം അവശേഷിക്കുന്ന മാലിന്യം

തദ്ദേശസ്വയം ഭരണ വകുപ്പ് അനുവദനീയമായ രീതിയിൽ സംസ്കരണം നടത്തേണ്ടതുണ്ട്.

## ഓഫീസ് സംവിധാനം

### 5.1 ഓൺലൈൻ ബുക്കിംഗുകൾ പരിശോധിക്കുന്നതിന് ഡയറക്ടറേറ്റിൽ സംവിധാനം

ഓൺലൈനിൽക്കൂടി ലഭിക്കുന്ന ബുക്കിംഗുകൾ നിയമാനുസൃതമാണോ എന്ന കാര്യം ഡയറക്ടറേറ്റിൽ നിന്നും പരിശോധനകൾ വഴി ഉറപ്പുവരുത്തേണ്ടതാണ്. എന്തെങ്കിലും കാരണത്താൽ, ഉപഓഫീസുകളിൽ നിന്നും അംഗീകരിക്കാതെ പോകുന്ന അപേക്ഷകളിൽ തീരുമാനമെടുക്കേണ്ടതും തുറമുഖ ഡയറക്ടറേറ്റിന്റെ പരിധിയിൽ വരുന്നതാണ്. പ്രസ്തുത വിഷയങ്ങൾക്കായി തുറമുഖ ഡയറക്ടറേറ്റിൽ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

### 5.2 ബുക്കിംഗുകൾ അംഗീകരിക്കുന്നതിന് പോർട്ടോഫീസുകളിലെ സംവിധാനം

ഓരോ ദിവസവും ലഭിക്കുന്ന ബുക്കിംഗുകൾ നിശ്ചിതസമയ പരിധിക്കുള്ളിൽ പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. എന്തെങ്കിലും കാരണങ്ങളാൽ അംഗീകരിക്കാൻ സാധിക്കാതെവരുന്ന ബുക്കിംഗുകൾ തുറമുഖ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്. ആയതിന്മേൽ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

### 5.3 കടവുകളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് പരിശോധന നടത്തൽ

മാനുവൽ ഡ്രഡ്ജിംഗിന്റെ സുതാര്യമായ നടത്തിപ്പിന്റെ ഭാഗമായി കടവുകളിൽ പരിശോധനകൾ നടത്തേണ്ടതാണ്. ബില്ലുകൾ പാസുകൾ, രജിസ്റ്ററുകൾ എന്നിവ ഈ സമയം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള പരിശോധനകൾ നടത്തുന്നതിന് തുറമുഖം, പോലീസ്, റവന്യൂവകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുന്നതാണ്.

## 6. പരിസ്ഥിതി സംരക്ഷണം

തുറമുഖങ്ങളിലെ ചാനൽ, ബേസിൻ എന്നിവയിലെ ആഴം നിലനിർത്താൻ മാത്രമായിരിക്കണം മാനുവൽ ഡ്രഡ്ജിംഗ് നടത്തുന്നത്. ഓരോ തുറമുഖത്തുനിന്നും എടുത്തു മാറ്റേണ്ട പദാർത്ഥങ്ങളുടെ അളവ് ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് തയ്യാറാക്കുന്ന, ചാർട്ടിന്റെ സഹായത്തോടെ അതാത് പോർട്ടോഫീസർമാർ കണക്കാക്കേണ്ടതും തുറമുഖവകുപ്പ് മേധാവി അംഗീകാരം നൽകേണ്ടതുമാണ്. മാനുവൽ ഡ്രഡ്ജിംഗ് നടത്തുക, ഡ്രഡ്ജ് ചെയ്ത പദാർത്ഥങ്ങളുടെ ട്രാൻസ്പോർട്ടേഷൻ എന്നിവ വഴി തീരങ്ങൾ ഇടിയൽ, കണ്ടൽക്കാടുകളുടെ നാശം, ജീവജാലങ്ങളുടേയും സമീപ പ്രദേശത്തുള്ള നിർമ്മിതികളുടേയും നിലനിൽപ്പിന് ഭീഷണി എന്നിവ സംഭവിക്കുന്നില്ലെന്ന് അതാത് തുറമുഖങ്ങളിലെ കൺസർവ്വേറ്റർമാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പു വരുത്തേണ്ടതാണ്. മാനുവൽ ഡ്രഡ്ജിംഗ് മുഖേന പരിസ്ഥിതിക്ക് ഏതെങ്കിലും തരത്തിലുള്ള ആഘാതം സംഭവിക്കുന്നപക്ഷം മുന്നറിയിപ്പില്ലാതെ മാനുവൽ ഡ്രഡ്ജിംഗ് നിർത്തുന്നതിനുള്ള അധികാരം തുറമുഖവകുപ്പിനുണ്ടായിരിക്കും.

## 7. സ്വകാര്യപങ്കാളിത്തം

### 7.1 ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണലിലെ ചെളിയും ഉപ്പുരസവും മാറ്റി പുഴമണലിന് സമാനമായരീതിയിലുള്ള മണൽ ലഭ്യമാക്കുന്നതിന് പ്ലാന്റുകൾ സ്ഥാപിക്കൽ

ഇരുമ്പ് കമ്പികൾ ഉൾപ്പെട്ട നിർമ്മാണ ജോലികൾക്ക് തുറമുഖപരിധിയിൽ നിന്നും വാരുന്ന മണൽ നേരിട്ട് ഉപയോഗിക്കാൻ സാധിക്കുകയില്ല. മണലിന്റെ ഉപ്പുരസം മാറ്റുന്നതിന് വ്യാവസായികാടിസ്ഥാനത്തിൽ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ്, പരിസ്ഥിതി വകുപ്പ് തുടങ്ങിയവയുടെ

അംഗീകാരം നേടേണ്ടതാണ്. ഇത്തരം പ്ലാന്റുകൾ വഴി ശുദ്ധീകരിച്ചെടുക്കുന്ന മണൽ തുറമുഖവകുപ്പിന്റെ വെബ്സൈറ്റ് വഴി ബുക്ക് ചെയ്ത് ഉപഭോക്താവിന് ലഭ്യമാക്കുന്നതാണ്. ശുദ്ധീകരണത്തിന്റെ ഭാഗമായി ശേഷിക്കുന്ന മാലിന്യം അനുവദനീയമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ബന്ധപ്പെട്ട കമ്പനികൾ / ഏജൻസികൾ സംസ്കരിക്കേണ്ടതാണ്.

**7.2 ശുദ്ധീകരണ പ്ലാന്റുകൾ റവന്യൂ ഷെയറിംഗ് അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കൽ**

തുറമുഖങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കാൻ ലഭിക്കുന്ന ശുപാർശകൾ പരിശോധിച്ച് സുതാര്യമായ മാർഗ്ഗങ്ങളിലൂടെ അനുമതി നൽകാവുന്നതാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന പ്ലാന്റുകളിൽക്കൂടി വിൽപ്പന നടത്തുന്ന മണലിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ നിശ്ചിതശതമാനം സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. ഇത്തരം പ്ലാന്റുകളിൽ കൂടി വിൽപ്പന നടത്തുന്ന മണലിന്റെ വില, ഗുണനിലവാരം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് ഓരോ തുറമുഖത്തിലും സാങ്കേതിക വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ കമ്മിറ്റി രൂപീകരിക്കുന്നതാണ്.

## 8. നിയന്ത്രണവും മേൽനോട്ടവും

8.1 മാനുവൽ ഡ്രഡ്ജിംഗ് പ്രവൃത്തി എല്ലാമാസവും റീജിയണൽ പോർട്ടോഫീസ് തലത്തിൽ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. സംസ്ഥാനത്തെ തുറമുഖങ്ങളിൽ നടക്കുന്ന മാനുവൽ ഡ്രഡ്ജിംഗ് മൂന്ന് മാസത്തിലൊരിക്കൽ തുറമുഖ ഡയറക്ടർ തലത്തിൽ അവലോകനം നടത്തേണ്ടതാണ്.

8.2 സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിക്കപ്പെടുന്ന കമ്മിറ്റികൾ ഓരോ തുറമുഖത്തേയും മാനുവൽ ഡ്രഡ്ജിംഗിന്റെ അവലോകനം നടത്തുന്നതാണ്.

## 9. ശിക്ഷണനടപടികൾ

9.1 സർക്കാരും തുറമുഖവകുപ്പും നൽകിയ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി നടത്തുന്ന മാനുവൽ ഡ്രഡ്ജിംഗ് പ്രവൃത്തികൾക്ക് പിഴചുമത്തൽ, സസ്പെന്റ് ചെയ്യൽ, കരിമ്പട്ടികയിൽപ്പെടുത്തൽ തുടങ്ങിയ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതാണ്

9.2 പാസില്ലാതെയുള്ള മണൽക്കടത്ത്, ഒരു പാസ് ദുരുപയോഗം ചെയ്യൽ, നിർദ്ദിഷ്ട സമയപരിധിക്കുപുറമേ മാനുവൽ ഡ്രഡ്ജിംഗ് നടത്തൽ, നിർദ്ദിഷ്ട സമയപരിധിക്കുപുറമേ മണൽ ട്രാൻസ്പോർട്ട് ചെയ്യൽ, രേഖകളിൽ കൃത്രിമം കാണിക്കൽ, ഡ്രഡ്ജ്ചെയ്ത പദാർത്ഥം കരിഞ്ചന്തയിൽ വിൽപ്പനനടത്തൽ തുടങ്ങിയ തെറ്റുകൾ അത്യന്തം ഗൗരവത്തോടെ വീക്ഷിക്കുന്നതും കടവുകൾക്ക് അതത് കാലയളവിൽ സർക്കാർ നിശ്ചയിക്കുന്ന പിഴ ചുമത്തുന്നതുമാണ്. അനധികൃതമായി മണൽ വാരുക, ക്രയവിക്രയം, ട്രാൻസ്പോർട്ടേഷൻ, പരിസ്ഥിതി ആഘാതം മുതലായ വിഷയങ്ങളിൽ ക്രമരഹിതമായി പ്രവർത്തിക്കുന്ന കടവുകളിലെ പ്രവർത്തനങ്ങൾക്ക് മാനുവൽ ഡ്രഡ്ജിംഗിൽ നിന്നും സസ്പെന്റ് ചെയ്യുന്നതും ഗുരുതരമായവീഴ്ച്ചകൾക്ക് കരിമ്പട്ടികയിൽപ്പെടുത്തുന്നതുമായിരിക്കും.

9.3 ഡ്രഡ്ജ് ചെയ്ത പദാർത്ഥം കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന പിഴവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പിഴയും ശിക്ഷണനടപടികളും ബാധകമായിരിക്കും.